# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് സബ്ഗ്രൂപ്പിൽപ്പെട്ട തിരുവാർപ്പ് ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആർ.ഒ.സി.9266/16/എസ് നന്തൻകോട്, തീയതി: 14 /08/2026

---

പരാമർശം:- 1) 25/06/2026 ലെ മേൽ നമ്പർ വിജ്ഞാപനം
2) ശ്രീ.എം.എ.ഹരി (മുളവേലിപ്പുറത്ത് ഇല്ലം), ശ്രീ.ഹരീഷ്.എൻ.നമ്പൂതിരി (വടശ്ശേരി ഇല്ലം) എന്നിവരുടെ അപേക്ഷകൾ
3) കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 03/07/2026, 21/07/2026, 13/08/2026 എന്നീ തീയതികളിലെ യഥാക്രമം 1490, 1670, 1874 നമ്പർ റിപ്പോർട്ടുകൾ
4) 13/08/2026 ലെ മേൽ നമ്പർ ഉത്തരവ്

കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് ദേവസ്വത്തിലെ പുറപ്പെടാ മേൽശാന്തി നിയമനത്തിലേയ്ക്കായി അപേക്ഷകൾ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു (പരാമർശം 1).

തുടർന്ന് നിശ്ചിത സമയ പരിധിയ്ക്കകം രണ്ട് അപേക്ഷകൾ ലഭ്യമായി (പരാമർശം 2).

ലഭ്യമായ അപേക്ഷകളിൽ പരാമർശം (1) വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ഹാജരാക്കാത്തതും അപൂർണ്ണമായി കാണപ്പെട്ടിട്ടുള്ളതുമായ ശ്രീ.ഹരീഷ്.എൻ. നമ്പൂതിരിയുടെ അപേക്ഷ നിരസിച്ച് ഉത്തരവ് നൽകി (പരാമർശം 4).

തിരുവാർപ്പ് ദേവസ്വത്തിലേയ്ക്ക് രണ്ട് പുറപ്പെടാ മേൽശാന്തിമാരെ തൻവർഷവും നിയമിക്കേണ്ടതുണ്ടെങ്കിലും പൂർണ്ണമായിട്ടുള്ള ഒരപേക്ഷ മാത്രം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, ടി അപേക്ഷ സമർപ്പിച്ച ശ്രീ.എം.എ.ഹരിയെ (മുളവേലിപ്പുറത്ത് ഇല്ലം, ചെമ്പിളാവ്.പി.ഒ) 2026 - 2027 (1202 ചിങ്ങം 1 മുതൽ കർക്കിടകം 31 വരെ) കാലയളവിലെ തിരുവാർപ്പ് ദേവസ്വം പുറപ്പെടാ മേൽശാന്തി ആയി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (1) വിജ്ഞാപനത്തിലെ നിബന്ധനകൾ ഖണ്ഡിക (13) പ്രകാരമുള്ള നടപടിക്ക് കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവാർപ്പ് ദേവസ്വത്തിൽ ഒഴിവ് വരുന്ന മറ്റൊരു പുറപ്പെടാ മേൽശാന്തി ലാവണത്തിലേയ്ക്ക് പരാമർശം (3) റിപ്പോർട്ടുകൾ കൂടി പരിശോധിച്ച് തുടർ തീരുമാനം കൈകൊള്ളുന്നതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ

പകർപ്പ്:- 1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
3) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കോട്ടയം
4) ശ്രീ.എം.എ.ഹരി (മുളവേലിപ്പുറത്ത് ഇല്ലം),
5) ഐ.റ്റി. ഡിവിഷൻ
6) സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

Jyo.14/08